**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

02-07-2014-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5569

# കുരങ്ങു പനി നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുരങ്ങുപനി എവിടെയെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെന്നും എവിടെയാണെന്നും വിശദമാക്കാമോ; | (എ) ഉണ്ട്.<br>ഇതുവരെയായി 8 (എട്ട്) പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.<br>വയനാട് - നൂൽപ്പുഴ 1 (2013)<br>വയനാട് - നൂൽപ്പുഴ 1 (2014)<br>മലപ്പുറം - കരുളായി 6 (2014) |
| ബി) ഇതിന്റെ കാരണങ്ങളെ കുറിച്ച് പഠിച്ച് പനി നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; | ( ബി) ഉണ്ട്.<br>കുരങ്ങുകളിൽ ബാധിക്കുന്ന ഒരുതരം വൈറസ് ആണ് രോഗകാരണം. കുരങ്ങുകളുടെ ശരീരത്തിൽ കാണുന്ന ചെള്ളുകളിൽക്കൂടി മനുഷ്യരിലേയ്ക്ക് രോഗം പകരാൻ സാധ്യതയുണ്ട്. ആയതിനാൽ രോഗ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വനത്തിൽ പോകുന്നവർ എടുക്കേണ്ടതായ മുൻകരുതലുകളെക്കുറിച്ച് പ്രത്യേകം ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. പട്ടികവർഗ്ഗവകുപ്പും, വനം വകുപ്പുമായി സഹകരിച്ച് പ്രതിരോധ നടപടികളും നടത്തി. 1957 മുതൽ ഈ മേഖലയിൽ ഗവേഷണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർണ്ണാടകയിലെ ഷിമോഹ സെന്ററുമായി ആശയ വിനിമയം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ശേഖരിച്ച ജില്ലകളിലേക്ക് അയച്ചു. മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് രോഗ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) കുരങ്ങുപനിയുടെ മരുന്ന് സംസ്ഥാനത്ത് ലഭ്യമാണോ; അത് രോഗ ബാധിതർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ; | (സി)കുരങ്ങുപനിക്ക് പ്രത്യേകമായ മരുന്നുകൾ നിലവിലില്ല. രോഗലക്ഷണങ്ങൾക്ക് അനുസരിച്ചാണ് ചികിത്സ. അതിനാവശ്യമായ മരുന്നുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ജില്ലകളിൽ ലഭ്യമാണ്. രോഗപ്രതിരോധമായി ഒരു വാക്സിൻ നൽകാറുണ്ട്. ഈ വാക്സിൻ കേരളത്തിൽ ലഭ്യമല്ല. മാത്രമല്ല നൂറ് ശതമാനം ഫലവത്താണെന്നതിൽ ശാസ്ത്രജ്ഞർക്കിടയിൽ തന്നെ അഭിപ്രായ ഐക്യം ഇല്ല. എങ്കിലും മലപ്പുറം ജില്ലാ ആരോഗ്യ വകുപ്പ് അധികൃതർ വാക്സിൻ നൽകാനുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു. |
| (ഡി)പുതിയ രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഗവേഷണ കേന്ദ്രങ്ങളുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ